## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ
ചോദ്യം നമ്പർ : *529

19/05/2017 ൽ മറുപടിയ്ക്ക്

### കശുവണ്ടി വ്യവസായത്തിന്റെ വളർച്ച

ചോദ്യം

ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.കെ.സി.ജോസഫ്
ശ്രീ.കെ.മുരളീധരൻ
ശ്രീ.അനിൽ അക്കര

ഉത്തരം

ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ
( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കശുവണ്ടി വ്യവസായത്തിന്റെ വളർച്ചയ്ക്കും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) & (ബി) | തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരണം, കശുമാവ് കൃഷി വ്യാപനം, വിദേശരാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ലഭ്യമാക്കുന്നതിനും ഈ വ്യവസായത്തിൽ നിലനിൽക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനുമായി കേരള കാഷ്യൂ ബോർഡ് രൂപീകരണം, ഫാക്ടറിയുടെ ഭാഗീകയന്ത്രവല്ക്കരണം.<br>സർക്കാർ തീരുമാനത്തെത്തുടർന്ന് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരണം നടന്നു വരുന്നു, ഇതുവരെ ഏകദേശം 600 മെട്രിക് ടൺ തോട്ടണ്ടി കാഷ്യൂ കോർപ്പറേഷനും കാപെക്സും ശേഖരിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിൽ നിന്നും വ്യവസായാവശ്യത്തിന് തോട്ടണ്ടി ലഭ്യമാക്കുന്നതിനും ഈ രംഗത്ത് നിലനിൽക്കുന്ന സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുമാണ് കേരള സ്റ്റേറ്റ് കാഷ്യൂ ബോർഡ് എന്ന പേരിൽ കമ്പനി രൂപീകരിക്കുന്നത്. ഇതിനായുള്ള നടപടിക്രമങ്ങൾ അതിവേഗം പുരോഗമിച്ച് വരുന്നു.<br>കാഷ്യൂ കോർപ്പറേഷന്റേയും കാപെക്സിന്റേയും ഫാക്ടറികൾ അവിടെ തൊഴിലെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാത്തതരത്തിൽ |
| (ബി) | ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ ; | | |

| | | |
|---|---|---|
| | | ആധുനീകവൽക്കരിക്കുന്നതിന് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്.<br>കശുമാവ് കൃഷി വ്യാപകമാക്കുന്നതിന് വിപുലമായ നടപടികളാണ് കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തിരവും, കോർപ്പറേഷൻ, കാപെക്സ് മുഖാന്തിരവും നടപ്പിലാക്കി വരുന്നത്. തോട്ടമുടമകളുമായി ബന്ധപ്പെട്ട് എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി ചെയ്യുന്ന കാര്യവും സജീവമായി പരിഗണിച്ചു വരുന്നു. കൂടാതെ തോട്ടണ്ടിയുടെ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മറ്റ് വകുപ്പുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷി ചെയ്തു വരുന്നു. പരിസ്ഥിതിക്ക് ദോഷകരമായ മരങ്ങൾക്ക് പകരം കശുമാവ് കൃഷി ചെയ്യുന്ന കാര്യവും സജീവ പരിഗണനയിലാണ്. |
| (സി) | സംസ്ഥാനത്തിന് ആവശ്യമുള്ള തോട്ടണ്ടി എങ്ങനെ കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദമാക്കുമോ ? | കശുവണ്ടി വികസന കോർപ്പറേഷന് ആവശ്യമുള്ള തോട്ടണ്ടി ഇ-ടെണ്ടറിലൂടെ ഇറക്കുമതി ചെയ്യുന്നതിനും ആഭ്യന്തരമായി വാങ്ങുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർ ഗോഡ് ജില്ലയിലെയും കണ്ണൂർ ജില്ലയിലെയും എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും കാപെക്സും സംയുക്തമായി ചെയ്യുന്നുണ്ട്. ചെറുകിട കർഷകരിൽ നിന്നു കൂടിയും കശുവണ്ടി ശേഖരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്.<br>കശുവണ്ടി വികസന കോർപറേഷന്റെ 30 ഫാക്ടറികളിലായുള്ള 90 ഏക്കർ സ്ഥലത്ത് 5500 ഓളം കശുമാവിൻതൈകൾ |

| | | | |
|---|---|---|---|
| | | | കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയ്ക്കും കശുവണ്ടി വികസന കോർപറേഷൻ രൂപം നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള തരിശു ഭൂമികളിൽ കശുമാവുകൃഷി നടപ്പാക്കുന്ന കാര്യവും ആലോചിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തി നാവശ്യമായ തോട്ടണ്ടി തടസ്സമില്ലാതെ ലഭ്യമാക്കുന്നതിന് കേരള കാഷ്യു ബോർഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ